**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 99** **22-07-2021 - ൽ മറുപടിയ്ക്ക്**

**കിഫ്ബിയിൽ ഉൾപ്പെടുത്തിയ പറക്കുന്നം പാലം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ .ഡി .പ്രസേനൻ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ ആലത്തൂർ നിയോജക മണ്ഡലത്തിലെ പറക്കുന്നം പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | സർക്കാർ കിഫ്ബി പദ്ധതിയായി പ്രഖ്യാപിച്ചിട്ടുള്ള ആലത്തൂർ നിയോജക മണ്ഡലത്തിലെ പറക്കുന്നം പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും ഡി.പി.ആർ കിഫ്ബിയിൽ ലഭിക്കുകയും ആയത് കിഫ്ബി അവലോകന വിഭാഗം പരിശോധിച്ച് സ്ഥല സന്ദർശനം നടത്തി സാങ്കേതിക അവലോകന റിപ്പോർട്ട് തയ്യാറാക്കുകയും അത് പദ്ധതി നിർവ്വഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡിന് 09/12/2020 ൽ നൽകുകയും ചെയ്തു. |
| (ബി) | പ്രസ്തുത പ്രവൃത്തികൾ എന്ന് തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കാമോ? | (ബി) | പ്രസ്തുത പദ്ധതിയുടെ സാങ്കേതിക അവലോകന റിപ്പോർട്ടിൽ ആവശ്യപ്പെട്ടതനുസരിച്ചുള്ള മാറ്റങ്ങൾ വരുത്തി ടി റിപ്പോർട്ടിനുള്ള മറുപടി പദ്ധതി നിർവ്വഹണ ഏജൻസി നൽകുന്ന മുറയ്ക്ക് പദ്ധതിയുടെ അന്തിമ അവലോകന റിപ്പോർട്ട് തയ്യാറാക്കി കിഫ്ബി എക്സിക്യൂട്ടീവ് കമ്മിറ്റി/ബോർഡ് മുൻപാകെ സമർപ്പിച്ച് ധനാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. അതിനു ശേഷം പദ്ധതിക്ക് സങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്ത് സമയബന്ധിതമായി പദ്ധതി നടപ്പിലാക്കേണ്ടത് കേരള റോഡ് ഫണ്ട് ബോർഡാണ്. |

സെക്ഷൻ ഓഫീസർ